**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3641</u>** **<u>09-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കോട്ടയം ജില്ലയിലെ അഗ്രോപാർക്കുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാമാണ് അഗ്രോപാർക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കാർഷിക വിളകളെ സംരക്ഷിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ അഞ്ച് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 01.01.2018 തീയതിയിലെ G.O(Ms)No.01/2018/GAD പ്രകാരം 100.13 കോടിരൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. ബനാന & ഹണി പാർക്ക്, തൃശ്ശൂർ<br>2. കോക്കനട്ട് അഗ്രോപാർക്ക്, വേങ്ങേരി, കോഴിക്കോട്<br>3. കോക്കനട്ട് അഗ്രോപാർക്ക്, കുത്താളി, കോഴിക്കോട്<br>4. വെജിറ്റബിൾ അഗ്രോപാർക്ക്, ചേർത്തല, ആലപ്പുഴ<br>5. മാംഗോ പാർക്ക് മുതലമട, പാലക്കാട്<br>ബനാന ആൻഡ് ഹണി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | കോട്ടയം ജില്ലയിൽ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ